LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിന്റെ മണ്ഡരി രോഗം

81 [2050] ശ്രീ. കെ. സി. വേണുഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകരെ ഗുരുതരമായി ബാധിച്ചിട്ടുള്ള തെങ്ങിന്റെ മണ്ഡരി രോഗം ഫലപ്രദമായി നിയന്ത്രിക്കുവാൻ പ്രതിവിധികൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഗവേഷണങ്ങൾ എന്തെങ്കിലും നടക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. എങ്കിലും പൂർണ്ണമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി ആന്റ് സി) കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിലെ ഗവേഷണങ്ങളുടെ ഫലമായിട്ടാണ് പ്രതിവിധികൾ കണ്ടെത്തിയിട്ടുള്ളത്. ഡൈക്കോഫോൾ (0.1% വീര്യത്തിൽ), വേപ്പെണ്ണ, വെളുത്തുള്ളി-സോപ്പുമിശ്രിതം (2% വീര്യത്തിൽ), വെള്ളത്തിൽ അലിയുന്ന ഗന്ധകം (0.4% വീര്യത്തിൽ), വേപ്പ് അടിസ്ഥിത ജൈവ കീടനാശിനിയായ അസാഡിറാക്ടിൻ (0.004% വീര്യത്തിൽ) ഇവയിൽ ഏതെങ്കിലുമാണ് മണ്ഡരി കീടനിയന്ത്രണത്തിന് ഉപയോഗിക്കുന്നത്.

വിത്തിനങ്ങളുടെ കരുതൽ ശേഖരം

82 [2051] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മോയിൻ കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കരുതൽ ശേഖരത്തിൽ നിന്നും ഗുണമേന്മ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങൾ എല്ലാ ജില്ലകളിലും വിതരണം നടത്തുന്നുണ്ടോ;

(ബി) ഏതെല്ലാം ഇനം വിത്തുകളുടെ കരുതൽ ശേഖരമാണ് ഉള്ളതെന്ന് അറിയിക്കാമോ;

(സി) ഇത് കൃഷിക്കാർക്ക് കൊടുക്കുമ്പോൾ എന്തെങ്കിലും സൗജന്യം അനുവദിക്കാറുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജ്യോതി, ആതിര, ഐശ്വര്യ, ചുവന്ന ത്രിവേണി, കാഞ്ചന, കൈരളി, ഹർഷ, ഉരമണിക എന്നീ നെൽ വിത്തിനങ്ങളാണ് വിത്തുവികസന അതോറിറ്റിയുടെ കരുതൽ ശേഖരത്തിലുള്ളത്.

(സി ആന്റ് ഡി) ഉണ്ട്. രജിസ്ട്രേഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കർഷകർക്ക് വിത്തുൽപ്പാദനത്തിന് അടിസ്ഥാന വിത്ത് സൗജന്യ മായി നൽകുന്നതുൾപ്പെടെ ഹെക്ടറിന് 4000 രൂപ നിരക്കിൽ ധനസഹായവും നൽകുന്നു.

കാർഷിക ഗവേഷണ പ്രവർത്തനങ്ങൾ

83 [2052] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും കാർഷി കോല്പാദന വർദ്ധനവിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുവാനും ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിക്കുവാൻ സ്വകാര്യ കാർഷിക ഗവേഷണ സ്ഥാപന ങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്ക് സ്വകാര്യ ഏജൻസികളിൽനിന്നും ടെണ്ടർ ക്ഷണിച്ചുകൊണ്ട് 31-8-2003-ന് പ്രസിദ്ധീകരിച്ച പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി എന്ന് വ്യക്ത മാക്കാമോ;

(സി) എത്ര രൂപയുടെ പ്രവർത്തനങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്;

(ഡി) ദേശീയാംഗീകാരമുള്ള പൊതുമേഖലാ കാർഷിക ഗവേഷണ സ്ഥാപനങ്ങൾ കേരളത്തിലുള്ളപ്പോൾ സ്വകാര്യമേഖലയെ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) ടെണ്ടറുകൾ അല്ല സാങ്കേതിക പ്രൊപ്പോസലുകളാണ് ക്ഷണിച്ചത്. പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലക്ഷ്മണൻ അഗ്രോ ടെക് സയന്റിഫിക് സർവ്വീസസ്, കോഴിക്കോട് നിന്നും പ്രൊഫ. കെ. പി. പ്രഭാകരൻ നായർ കായംകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പാർഡ് (സൊസൈറ്റി ഫോർ പ്രമോഷൻ ഓഫ് അഗ്രികൾച്ചറൽ ടെക്നോളജി ആന്റ് റൂറൽ ഡെവലപ്മെന്റ്) എന്നീ മൂന്ന് ഏജൻസികളിൽ നിന്നുള്ള പ്രൊപ്പോസ ലുകൾ ലഭിച്ചു.

(സി) പച്ചക്കറി, വാഴ, സുഗന്ധവ്യജ്ഞനങ്ങൾ, നെല്ല് എന്നീ വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധനവിനായുള്ള സാങ്കേതിക പ്രൊപ്പോസലുകളാണ് ക്ഷണിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly